"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആയുഷ് വകുപ്പ് - ഹോമിയോപ്പതി മെഡിക്കൽ വിദ്യാഭ്യാസം - പി.ജി. (ഹോമിയോ) പ്രോസ്പെക്ടസ് 2024-25 — WP(C)37640/2024 ലെ 11/11/2024 തീയതിയിലെ ബഹു. ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ 11 സീറ്റുകൾ കൂടി ഉൾപ്പെടുത്തി 2024-25 ലെ പി.ജി പ്രോസ്പെക്ടസ് ഭേദഗതി വരുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ആയുഷ് (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.452/2024/AYUSH തീയതി,തിരുവനന്തപുരം, 22-11-2024

പരാമർശം:-

1. 19/09/2024- ലെ സ.ഉ(സാധാ) നം. 351/2024/ആയുഷ്
2. 07/10/2024- ലെ സ.ഉ(സാധാ)നം.392/2024/ആയുഷ്
3. ബഹു കേരള ഹൈക്കോടതിയുടെ WP(C)37640/2024 ലെ 11/11/2024 തീയതിയിലെ ഉത്തരവ്
4. കേരള ആരോഗ്യ സർവ്വകലാശാലയുടെ 16/11/2024 ലെ യു.ഒ നം. 1211/2024/അക്കാഡമിക്/കെ.യു.എച്ച്.എസ് നമ്പർ ഉത്തരവ്
5. പ്രിൻസിപ്പാൾ & കൺട്രോളിംഗ് ഓഫീസറുടെ 22/11/2024 തീയതിയിലെ ജി.എച്ച്.എം.സി.റ്റി. /2657/2024-സി3 നമ്പർ കത്ത്.

**ഉത്തരവ്**

തിരുവനന്തപുരം, കോഴിക്കോട് ഗവ. ഹോമിയോപ്പതിക് മെഡിക്കൽ കോളേജുകളിലെ ആകെയുള്ള 58 പി.ജി(ഹോമിയോ) സീറ്റുകളിൽ (തിരുവനന്തപുരം-30 കോഴിക്കോട് -28) ഗൈഡുകളുടെ അഭാവം കാരണം പരാമർശം (1) (2) എന്നിവ പ്രകാരം 47 സീറ്റുകളിൽ അഡ്മിഷൻ നടത്തുന്നതിനാണ് പ്രോസ്പെക്ടസ് അംഗീകരിച്ചിട്ടുള്ളത്. ബാക്കിയുള്ള 11 സീറ്റുകളിലേയ്ക്കും അഡ്മിഷൻ നടത്തണമെന്നാവശ്യപ്പെട്ട് ശ്രീമതി. അർച്ചന എൽ മുതൽപേർ WP(C)37640/2024 കേസ് ഫയൽ ചെയ്യുകയുണ്ടായി. ടി കേസിലെ പരാമർശം (3) ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഗൈഡുകളുടെ അഭാവം പരിഹരിക്കുന്നതിനായി ഗവ. ഹോമിയോപ്പതിക് മെഡിക്കൽ കോളേജുകളിലെ അസോസിയേറ്റ് പ്രൊഫസർ തസ്തികകളിലെ ഒഴിവ് 6 മാസത്തിനുള്ളിൽ നികത്തുമെന്ന് സർക്കാർ രേഖാമൂലം ഒരു ഉറപ്പ് കേരള ആരോഗ്യസർവ്വകലാശാലയ്ക്ക് നൽകുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം (4) പ്രകാരം 58 പി.ജി. സീറ്റുകളിലേയ്ക്കും പ്രവേശനം നടത്തുന്നതിന് കേരള ആരോഗ്യ സർവ്വകലാശാല അംഗീകാരം നൽകുകയുണ്ടായി.

2) കേരള ആരോഗ്യ സർവ്വകലാശാല 58 പി.ജി. സീറ്റുകളിലേയ്ക്കും പ്രവേശനം നടത്തുന്നതിന് അംഗീകാരം നൽകിയിട്ടുള്ള സാഹചര്യത്തിൽ സീറ്റ് മെട്രിക്സിൽ ചുവടെ ചേർക്കുന്ന മാറ്റങ്ങൾ വരുത്തി പ്രോസ്പെക്ടസ് ഭേദഗതി ചെയ്യുന്നതിന് പരാമർശം (5) പ്രകാരം പ്രിൻസിപ്പാൾ & കൺട്രോളിംഗ് ഓഫീസർ ശിപാർശ സമർപ്പിക്കുകയുണ്ടായി.

<u>11 സീറ്റിൽക്കൂടി പ്രവേശനം നടത്തുമ്പോൾ സീറ്റ് മെട്രിക്സിൽ വരുന്ന മാറ്റങ്ങൾ ചുവടെ ചേർക്കുന്നു.</u>

കേരള ജനറൽ മെറിറ്റിൽ ആകെ 5 സീറ്റുകൾ ലഭിക്കുന്നു. തിരുവനന്തപുരം കോളേജിലെ റെപ്പർട്ടറി വകുപ്പിനും പ്രാക്ടീസ് ഓഫ് മെഡിസിൻ വകുപ്പിനും കേരള ജനറൽ മെറിറ്റിന് ഓരോ സീറ്റ് വീതം ലഭിക്കുന്നു. കോഴിക്കോട് കോളേജിലെ റെപ്പർട്ടറി വകുപ്പിന് 2 സീറ്റും ഓർഗനൺ ഓഫ് മെഡിസിൻ വകുപ്പിന് 1 സീറ്റും കേരള ജനറൽ മെറിറ്റിന് ലഭിക്കുന്നു. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കോളേജിന്റെ പേര് | വകുപ്പ് | ലഭിക്കുന്ന സീറ്റിന്റെ എണ്ണം |
|---|---|---|
| ഗവ. ഹോമിയോപ്പതിക് മെഡിക്കൽ കോളേജ്, കോഴിക്കോട് | ഓർഗനൺ ഓഫ് മെഡിസിൻ | 1 |
| ഗവ. ഹോമിയോപ്പതിക് മെഡിക്കൽ കോളേജ്, കോഴിക്കോട് | റെപ്പർട്ടറി | 2 |
| ഗവ. ഹോമിയോപ്പതിക് മെഡിക്കൽ കോളേജ്, തിരുവനന്തപുരം | റെപ്പർട്ടറി | 1 |
| ഗവ. ഹോമിയോപ്പതിക് മെഡിക്കൽ കോളേജ്, തിരുവനന്തപുരം | പ്രാക്ടീസ് ഓഫ് മെഡിസിൻ | 1 |
| ആകെ | 5 എണ്ണം | |

ആകെ 4 റിസർവ്വേഷൻ സീറ്റുകൾ കോഴിക്കോട് കോളേജിന് ലഭിക്കുന്നു. കോഴിക്കോട് കോളേജിലെ പ്രാക്ടീസ് ഓഫ് മെഡിസിൻ വകുപ്പിൽ എസ്.സി യ്ക്കും, എയ്ഡഡ് കോളേജിലെ ടീച്ചേഴ്സിനും ഓരോ സീററ് വീതവും, റെപ്പർട്ടറി വകുപ്പിലെ 1 സീറ്റ് ഈഴവയ്ക്കും, ഓർഗനൺ വകുപ്പിലെ 1 സീറ്റ് ഇ.ഡബ്ല്യൂ.എസ് നും ലഭിക്കുന്നു. ആയതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| കോളേജിന്റെ പേര് | വകുപ്പ് | റിസർവ്വേഷൻ ലഭിക്കുന്ന കാറ്റഗറി | ലഭിക്കുന്ന സീറ്റിന്റെ എണ്ണം |
|---|---|---|---|
| ഗവ. ഹോമിയോപ്പതിക് മെഡിക്കൽ കോളേജ്, കോഴിക്കോട് | പ്രാക്ടീസ് ഓഫ് മെഡിസിൻ | എസ്.സി | 1 |
| ഗവ. ഹോമിയോപ്പതിക് മെഡിക്കൽ കോളേജ്, കോഴിക്കോട് | പ്രാക്ടീസ് ഓഫ് മെഡിസിൻ | എയ്ഡഡ് കോളേജ് ടീച്ചേഴ്സിനുള്ള സീറ്റ് | 1 |
| ഗവ. ഹോമിയോപ്പതിക് മെഡിക്കൽ കോളേജ്, കോഴിക്കോട് | റെപ്പർട്ടറി | ഈഴവ | 1 |
| ഗവ. ഹോമിയോപ്പതിക് മെഡിക്കൽ കോളേജ്, കോഴിക്കോട് | ഓർഗനൺ ഓഫ് മെഡിസിൻ | ഇ.ഡബ്ല്യൂ.എസ് | 1 |
| ആകെ | 4 എണ്ണം | | |

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പ്രിൻസിപ്പാൾ & കൺട്രോളിംഗ് ഓഫീസർ ശിപാർശ ചെയ്തിരിക്കും പ്രകാരമുള്ള മാറ്റങ്ങൾ വരുത്തിക്കൊണ്ട് പരാമർ ശം (1), (2) പ്രകാരം അംഗീകരിച്ച പി.ജി.(ഹോമിയോ) 2024-25 പ്രോസ്പെക്ടസിലെ ചുവടെ ചേർക്കുന്ന പേജുകളിൽ മാറ്റം വരുത്തി പ്രോസ്പെക്ടസ് ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു. പേജുകൾ അനുബന്ധമായി ചേർക്കുന്നു.

1. പേജ് നം-8, ഖണ്ഡിക-5-Availability of seats
2. പേജ് നം-9, ഖണ്ഡിക – 1, 2, 3, 4
3. പേജ് നം-10 -All India Quota seats
4. പേജ് നം-11 -State Quota seats
5. പേജ് നം-12 -All India Quota seats
6. പേജ് നം-12, ഖണ്ഡിക – 5.1 -Kerala General Merit (KGM)
7. പേജ് നം-12, ഖണ്ഡിക – 5.2 -Reservation of seats among SC/ST candidates.
8. പേജ് നം-13, ഖണ്ഡിക – 5.3 a -Reservation of seats among Teachers working in Aided Homoeopathic Medical Colleges in Kerala.
9. പേജ് നം-34, ഖണ്ഡിക – 21.3 – Maternity leave

4) പരാമർശം (1), (2) ഉത്തരവ് പ്രകാരം അംഗീകരിച്ച 2024-25 അദ്ധ്യയന വർഷത്തേയ്ക്കുള്ള പി.ജി (ഹോമിയോ) പ്രോസ്പെക്ടസ് മേൽ ഭേദഗതികളോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SEEMA S
#ApprovedByDesignation#

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (with covering letter)
പ്രവേശന പരീക്ഷാ കമ്മീഷണർ,കേരള, തിരുവനന്തപുരം.
പ്രിൻസിപ്പാൾ & കൺട്രോളിംഗ് ഓഫീസർ, ഗവ. ഹോമിയോപ്പതിക് മെഡിക്കൽ കോളേജ്, തിരുവനന്തപുരം.
രജിസ്ട്രാർ, കേരള ആരോഗ്യ സർവ്വകലാശാല, തൃശ്ശൂർ
പ്രിൻസിപ്പാൾ, ഗവ. ഹോമിയോപ്പതിക് മെഡിക്കൽ കോളേജ്, കോഴിക്കോട്
കരുതൽ ഫയൽ// ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Namitha T
Date: 22-11-2024 18:10:38
സെക്ഷൻ ഓഫീസർ